**Desabhimani**

**20 July 2018**

**New Delhi, Union Minister Kiran Rijiju, Preliminary Assessment**

# മഴക്കെടുതി: കേന്ദ്രമന്ത്രി റിജിജു നാളെ കേരളത്തിൽ

**ന്യൂഡൽഹി**

കേരളത്തിലെ മഴക്കെടുതി സംബന്ധിച്ച പ്രാഥമിക വിലയിരുത്തലിന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി കിരൺ റിജിജു ശനിയാഴ്ച കേരളത്തിലെത്തും. സംസ്ഥാനം സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിശദ വിലയിരുത്തലിന് വിദഗ്ധ സംഘം പിന്നീടെത്തും.

കരിപ്പൂർ വിമാനത്താവളത്തിൽ വലിയ വിമാനങ്ങളുടെ സർവീസ് പുനരാരംഭിക്കുന്നതിൽ 31 ന് തീരുമാനമുണ്ടാകുമെന്നും കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം അറിയിച്ചു. ഇതോടെ കരിപ്പൂരിൽ നിന്ന് മാറ്റിയ ഹജ്ജ് എംബാർക്കേഷൻ തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിലും തീരുമാനമാകും. കൊച്ചുവേളിയിൽനിന്ന് മൈസൂരിലേക്കുള്ള പ്രതിവാര ട്രെയിൻ കേരളത്തിലെ യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് പ്രതിദിനമാക്കി. മന്ത്രി പീയുഷ് ഗോയലുമായുള്ള കൂടിക്കാഴ്ചയിലാണ് തീരുമാനമായത്. പൗരാണിക സ്മാരകങ്ങൾ സ്വകാര്യ മേഖലയെ ഏൽപ്പിച്ച് പരിപാലിക്കാനുള്ള കേന്ദ്ര പദ്ധതിയിൽ തൽക്കാലം താജ് മഹലിനെ ഉൾപ്പെടുത്തില്ലെന്നും കണ്ണന്താനം പറഞ്ഞു.